(ബി) ആകെ എൺപത്താറ് (81) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എല്ലാംതന്നെ മുദാക്കൽ പഞ്ചായത്തിൽ നിന്നുമുള്ളതാണ്.

(സി) മുഴുവൻ ഭൂമിക്കും പട്ടയം നൽകുവാനുള്ള സമയബന്ധിതമായ പരിപാടി സ്വീകരിക്കുവാൻ എല്ലാ തഹസിൽദാർമാർക്കും സ്പെഷ്യൽ തഹസിൽദാർമാർക്കും നിർദ്ദേശം നൽകി കഴിഞ്ഞു.

82 (2232) കാർഡമം ഹിൽ റിസർവ് ഭൂമി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാർഡമം ഹിൽ റിസർവ് ഭൂമി ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ എത്ര ഏക്കർ കാർഡമം ഹിൽ റിസർവ് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്; ഏതെല്ലാം വില്ലേജിൽ;

(സി) കാർഡമം ഹിൽ റിസർവ് ഭൂമിയിൽ നിന്നും മരം മുറിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇടുക്കി ജില്ലയിൽ 10,836.7147 ഹെക്ടർ കാർഡമം ഹിൽ റിസർവ് ഭൂമിയുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവ് ഭൂമി പതിച്ചു നൽകിയിട്ടില്ല.

(സി) ഉണ്ട്. കുമിളി റെയ്ഞ്ചിൽ ഉണങ്ങി നിന്നിരുന്നതും വീണു കിടന്നിരുന്നതും ജീവന് അപകടകരമായി നിന്നിരുന്നതുമായ ആകെ പതിനൊന്ന് മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വില ഈടാക്കുന്നതിന് വിധേയമായി വനം വകുപ്പിൽ നിന്ന് അനുവാദം നൽകിയിട്ടുണ്ട്.

83 (2234) കണ്ണത്ത് മലവാരം സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകുന്ന നടപടി

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ അധീനതയിലുള്ള കണ്ണത്ത് മലവാരം സ്വകാര്യ വ്യക്തികൾക്ക് പതിച്ചുനൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കരുവാരക്കുണ്ട് പഞ്ചായത്തിലെ കണ്ണത്ത് മലവാരം ഫോറസ്റ്റും, റവന്യൂ വകുപ്പും ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ;

(സി) റവന്യൂവിന്റെയും ഫോറസ്റ്റിന്റെയും ഭൂമി എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly